**പതിമൂന്നാം കേരള നിയമസഭ**

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1533 — 11.02.2013 ൽ മറുപടിക്ക്

**തൊഴിലുറപ്പ് പദ്ധതിയിൽ ക്ഷീരകർഷകരെ ഉൾപ്പെടുത്തൽ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.റ്റി.എ. റഹീം | ശ്രീ. കെ. സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ക്ഷീര കർഷകരെ ഉൾപ്പെടുത്തുമെന്ന പ്രഖ്യാപനത്തിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; | എ) ക്ഷീര കർഷകരെ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തിയിട്ടില്ല. എന്നാൽ തൊഴിലുറപ്പ് നിയമത്തിന്റെ പട്ടിക-1 ൽ അനുവദനീയമായ പ്രവൃത്തികളിൽ ക്ഷീര കർഷക മേഖലയുമായി ബന്ധപ്പെട്ട് ക്ഷീര കർഷകർക്ക് സഹായകരമായ തൊഴുത്തിന്റെ ഈടുറ്റ തറ/പുൽത്തൊട്ടി/ഗോമൂത്ര സംഭരണി നിർമ്മാണം, കാലിത്തീറ്റയ്ക്കാവശ്യമായ അസോള വളർത്തൽ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. പശു/എരുമ എന്നിവയെ വളർത്തി ക്ഷീര സഹകരണ സംഘത്തിൽ പാൽ വിറ്റ് ഉപജീവനം കഴിക്കുന്ന ക്ഷീര കർഷകരുടെ ദൈനംദിന പ്രവൃത്തികൾ തൊഴിലുറപ്പു പദ്ധതിയിലെ അനുവദനീയമായ പ്രവൃത്തിയിനമായി ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് സംസ്ഥാനം കേന്ദ്ര സർക്കാരിന് നിവേദനം സമർപ്പിച്ചിട്ടുണ്ടെങ്കിലും ഇതുവരെ അനുകൂല തീരുമാനമെടുത്തിട്ടില്ല |
| ബി) ഈ പ്രഖ്യാപനം പ്രാബല്യത്തിൽ വരുത്താൻ കാലതാമസം നേരിടുന്നത് എന്ത് കൊണ്ടാണ് ; | ബി) ബാധകമല്ല |
| (സി) ക്ഷീരകർഷകരെ തൊഴിലുറപ്പ് പദ്ധതിയിൽ എന്നു മുതൽ ഉൾപ്പെടുത്തും; ഇതു സംബന്ധിച്ച നിബന്ധനകൾ എന്തെല്ലാം; വിശദമാക്കാമോ? | സി) ബാധകമല്ല |

സെക്ഷൻ ഓഫീസർ